## <u>Week -4</u>

# <u>Weekly devotions -September 2017</u>

## <u>Sin and Forgiveness (പാപവും പാപക്ഷമയും)</u>




ഒരിക്കൽ നിരീശ്വരവാദിയായഒരുയുവാവ് പാപക്ഷമ പ്രാപിപ്പാൻ ആഗ്രഹിച്ച് പലരോടുംഅതിനെപ്പറ്റിതിരക്കി. കഠിനമായ ഈശ്വര വിശ്വാസികളെ വിമർശിക്കുന്ന വന് ആരും അതിന്റെ മറുപടി നൽകിയില്ല. ഒരുദിവസം office-ൽ എത്തിയ അദ്ദേഹം കണ്ടത് തന്റെ മേശപ്പുറത്തിരിക്കുന്ന വേദപുസ്തകമാണ്. ഒരു പുതിയ പുസ്തകം കിട്ടിയ സന്തോഷമേ അതുകണ്ടപ്പോൾ അവന് തോന്നിയുള്ളൂ. പക്ഷേ തുറന്നു വായിക്കാനാരംഭിച്ചപ്പോൾ ഉള്ളിൽ എന്തോ –മാറ്റം തോന്നി. അടുത്ത ദിവസം ആർത്തിയോടെ Office ൽ എത്തി വേദപുസ്തകം വായിച്ചു. ക്രമേണതാത്പര്യം വർദ്ധിച്ചു, അയാളിൽഒരു പ്രത്യേകസന്തോഷംവന്നു നിറഞ്ഞു. ആ സന്തോഷംതന്നത്യേശുആണെന്നുവ്യക്തമായി മനസ്സിലാക്കി.

അന്ന് വീട്ടിലെത്തിയ ആൾ തന്റെ ഭാര്യയോട് പറഞ്ഞു“ഇന്ന് ഈ വീട്ടിലൊരു പ്രാർത്ഥനയുണ്ട്. എന്റെ സുഹൃത്തുക്കളെ ക്ഷണിച്ചിട്ടുണ്ട്.എന്റെ രക്ഷകൻ ആരെന്ന് ഞാൻ അപ്പോൾ പ്രഖ്യാപിക്കും“എന്ന് പറഞ്ഞു. “വാക്സാമർത്ഥ്യമുള്ള നിരീശ്വര വാ

ദികളായസുഹൃത്തുക്കളോട് പറയാതെഅടുക്കളഭാഗത്തുചെന്ന് വേലക്കാരോട് പറയുക'' എന്ന് പരിഹാസരൂപേണ ഭാര്യ പ്രതിവചിച്ചു.എന്നാൽമറുപടി പറയാതെഅദ്ദേഹംതന്റെസുഹൃത്തുക്കളെ ക്ഷണിച്ചിരുത്തി. സമയമായപ്പോൾ അവരോട് പറഞ്ഞു ഇന്നത്തെ ഈ പ്രാർത്ഥനയിൽഎന്റെ പ്രത്യേകഅതിഥിയായി ഞാൻ ക്ഷണിച്ചത് ഞാൻ സ്നേഹിക്കുന്നതിലും ഉപരിഎന്നെ സ്നേഹിച്ച യേശുവിനെയാണ്. അവൻ എന്റെ രക്ഷകനാണ്എന്ന് പ്രഖ്യാപിച്ചു, അവരുടെ പരിഹാസം വകവെയ്ക്കാതെ കണ്ണുനീരോടെ ലൂക്കോസ് (23) വായിച്ച് പ്രാർത്ഥിച്ചു. നിന്റെ പാപം ക്ഷമിച്ചു എന്ന് നിശ്ചയമുണ്ടോഎന്ന്ചോദിച്ചവരോട്അദ്ദേഹം പറഞ്ഞത്''എന്റെ പ്രാണനെ നാശക്കുഴിയിൽ നിന്നുംസ്നേഹത്തോടെ അവൻ വീണ്ടെടുത്തുഎന്നാണ്'' അതേലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടുവാൻ മറെച്ചുവെയ്ക്കാതെ അവനോട്ഏറ്റുപറഞ്ഞാൽ പാപത്തിന്റെകുറ്റം അവൻ ക്ഷമിക്കുന്നു.

**Readസങ്കീ:(32:1,2,5)**

## പാപം രണ്ടുവിധത്തിൽമറെയ്ക്കുന്നു

### (1) ദൈവംമറയ്ക്കുന്ന വിധങ്ങൾ

യെശ:(38:17) ൽ''നീ എന്റെ സകലപാപങ്ങളെയും നിന്റെ പിറകിൽഎറിഞ്ഞുകളഞ്ഞു''എന്ന്കാണുന്നു.ക്രിസ്തു പിറകിലെറിഞ്ഞ പാപത്തെ ഒരു വ്യക്തിക്കും അവന്റെ മുൻപിൽ കൊണ്ടുവരുവാൻ കഴിയുകയില്ല അവൻ വെളിച്ചമാണ്. അഗ്നിജ്ജ്വാലയ്ക്കൊത്ത കണ്ണുകൾ ഉള്ളവനാണ്.

യെശ: (44:32) ൽ കാർമുകിലിനെപ്പോലെ നമ്മുടെ ലംഘനങ്ങളെയും മേഘത്തെപ്പോലെ നമ്മുടെ പാപങ്ങളെയും മായിച്ചു കളയുന്നുയെന്ന് കാണാം കാർമേഘം മഴപെയ്ത് ഇല്ലാതാകുമ്പോൾ മേഘം ഒരിക്കൽ പ്രത്യക്ഷമായത് പിന്നെ കാണുന്നില്ല. പിന്നെ പുതിയ മേഘമാണ് പ്രത്യക്ഷമാകുന്നത് അതുപോലെ നാമും പുതുസൃഷ്ടികളാകുന്നു.

സങ്കീ( 103:12) ൽ ''ഉദയം അസ്ഥമയത്തോടെ (അതായത് കിഴക്കും പടിഞ്ഞാറും ദിക്കുകൾ) അകന്നിരിക്കുന്നതുപോലെ നമ്മുടെ പാപങ്ങളെ നമ്മിൽ നിന്ന് അവൻ അകറ്റി എന്ന് കാണുന്നു''

മിഖ(7:19)ൽ നമ്മുടെ സകല പാപങ്ങളെയും സമുദ്രത്തിന്റെ ആഴത്തിൽ കളഞ്ഞു എന്ന് കാണാം. അതായത് ഒരിക്കൽ എറ്റു പറഞ്ഞ പാപത്തെ ക്രിസ്തു പൂർണ്ണമായി ക്ഷമിക്കുന്നു. അവൻ മറച്ച പാപത്തെ ഒരിക്കലും പിന്നെ പുറത്തെടുക്കില്ല.

## (2) മനുഷ്യൻ മറെയ്ക്കുന്നു.

ഏദനിൽ ആദം പാപം മറെയ്ക്കുവാൻ ശ്രമിച്ചത് ദൈവം കൊടുത്ത തന്റെ തുണയെ കുറ്റംപറഞ്ഞായിരുന്നു. കായീൻ പാപം മറച്ചത് കോപം മൂലമാണ്. ഒരു പടികൂടി കടന്നാണ് യോസേഫിന്റെ സഹോദരന്മാർ പ്രവർത്തിച്ചത്. യിശ്മയേല്യ കച്ചവടക്കാർക്ക് ഇരുപത് വെള്ളിക്കാശിന് വിൽക്കുകയും ആടിന്റെ രക്തത്തിലങ്കിമുക്കി അപ്പന്റെ അടുക്കലേക്ക് അപ്പൻ അവന് നൽകിയ അങ്കി കൊടുത്തയച്ച് പാപക്കറ മറച്ചവർ അപ്പനെ കബളിപ്പിച്ച് വ്യസന ഭാവം കാട്ടിയ ദുഷ്ടന്മാർ പാപത്തെ മറച്ചത് ആശ്വാസവാക്കുകളാലാണ്. ഭൂമിയിലെ അപ്പന്റെ മുൻപിൽ വ്യാജ ഭാവം കാട്ടുന്നവരെ സ്വർഗ്ഗം കാണുന്നുണ്ടെന്ന് മറക്കരുത്.

## പാപം ചെയ്യിക്കുന്ന ഘടകങ്ങൾ

മർക്കോ:(7:20-23) വരെയുള്ള വാക്യങ്ങിൽഹൃദയത്തെ കേടാക്കുന്ന 13 പാപങ്ങളെപ്പറ്റിപ്പറയുന്നു. ഹൃദയം നിറഞ്ഞുകവിയുന്നതാണ് വായ് സംസാരിക്കുന്നത്. ഈ 13 പാപങ്ങൾ 13 ബ്ലോക്കുകൾ ഹൃദയത്തിലുണ്ടാക്കുന്നു. എന്നാൽ ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കുന്നവർക്ക് ആ പാപങ്ങളെമാറ്റുവാൻ കഴിയുന്നു അപ്രകാരം ക്രിസ്തുവിന്റെ നല്ല പത്രങ്ങളായി തീരുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് കൃപ ചെയ്യട്ടെ.

## പ്രാർത്ഥന

ഞങ്ങൾ പാപികളായിരിക്കുമ്പോൾ തന്നെ കാൽവറിയിൽ യാഗമായി പാപക്കുഴിയിൽ നിന്ന് സ്നേഹത്തോടെ രക്ഷിച്ച അങ്ങയുടെ സ്നേഹത്തിന് നന്ദി. പാപത്തെ ഏറ്റു പറഞ്ഞ്ഉപേക്ഷിപ്പാനും ഇനി പാപം ചെയ്യാതിരിപ്പാനും ഞങ്ങളെ സഹായിച്ചനുഗ്രഹിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ.

**ആമേൻ**

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind